# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

**തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ പദ്ധതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ നടപടി**

6044 ശ്രീ. പി. കെ. ബഷീർ
'' പി. ബി. അബ്ദുൾ റസാക്
'' കെ. മുഹമ്മദുണ്ണി ഹാജി
'' എം. ഉമ്മർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികളുടെ നടത്തിപ്പ് കാര്യക്ഷമമായി നടക്കുന്നുണ്ടോ എന്നും ഇതിനായി ചെലവഴിക്കപ്പെടുന്ന തുകയ്ക്ക് ആനുപാതികമായ വികസനം നടക്കുന്നുണ്ടോ എന്നും പരിശോധിച്ച് ഉറപ്പു വരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രവർത്തനം സാമ്പത്തിക വർഷാരംഭം മുതൽ ക്രമാനുഗതമായി നടക്കാതെ സാമ്പത്തിക വർഷാവസാനം മാത്രം കൂടുതൽ ചെലവഴിക്കപ്പെടുന്നതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) 2013 സെപ്റ്റംബർ 30 വരെയുള്ള ഒന്നാം അർദ്ധ വർഷത്തിൽ എന്തു തുക ചെലവഴിച്ചു എന്നതിന്റെ വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണത്തിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

6045 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം പൂർത്തിയായിട്ടുണ്ടോ ; എങ്കിൽ എത്ര സ്ഥാപനങ്ങൾ പൂർത്തിയായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ നൽകുമോ ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) പദ്ധതികൾ തയ്യാറാക്കുന്നതിന് നൽകിയ മാർഗ്ഗ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

6046 പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. ബി. സത്യൻ
,, സി. കൃഷ്ണൻ
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്ഥാപനങ്ങളുടെ ഈ വർഷത്തെ പദ്ധതിചെലവ് സംബന്ധിച്ച അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ത്രിതലങ്ങളിലായി, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിഹിതം ആകെ പദ്ധതിയുടെ എത്ര ശതമാനം വീതമാണ് ; വിശദമാക്കാമോ ;

(സി) പദ്ധതിച്ചെലവ് 2013-14 വർഷത്തിലെ ഓരോ മാസവും ആകെ പദ്ധതിയുടെ ശതമാനക്കണക്കിൽ ലഭ്യമാണോ; വിശദാംശം നൽകുമോ;

(ഡി) പദ്ധതി വിഹിതത്തിലെ ചെലവിൽ കുറവ് വന്നിട്ടുണ്ടായിരുന്നുവോ ; എങ്കിൽ എത്ര ശതമാനം ; വിശദമാക്കാമോ ?

കേരള നിയമസഭ
07.07.2014-ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിലെ കമ്പ്യൂട്ടറൈസേഷൻ</u>

6047 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങളിൽ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായി മൈക്രോസോഫ്റ്റിൽ നിന്നും ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭീമമായ തുക ഓപ്പറേറ്റിംഗ് സിസ്റ്റം വാങ്ങുന്നതിന് ചെലവഴിക്കുന്നതിന് പകരം സൗജന്യമായി ലഭിക്കുന്ന സ്വതന്ത്ര സോഫ്റ്റ്വെയറിലേയ്ക്ക് മാറുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.07.2014–ലെ മറുപടിക്ക്

<u>ത്രിതല പഞ്ചായത്തുകളുടെ അനുവദിച്ച ഫണ്ട് വിനിയോഗം</u>

6048 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) 2013–14 സാമ്പത്തിക വർഷത്തിൽ ത്രിതല പഞ്ചായത്തുകൾക്ക് ആകെ അനുവദിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ വെവ്വേറെ ചെലവഴിച്ച തുക സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കാമോ;

(സി) ത്രിതല പഞ്ചായത്തുകളിൽ ഏറ്റവും കൂടുതലും ഏറ്റവും കുറച്ചും ഫണ്ട് ചെലവഴിച്ച ജില്ലകൾ ഏതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് വിഭജനത്തിന് ശാസ്ത്രീയമായ ഘടന**

6049 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളുടെ വാർഡ് വിഭജനത്തിന് ശാസ്ത്രീയമായ ഘടനയ്ക്ക് രൂപം നൽകിയിട്ടുണ്ടോയെന്നും ഇതിന് വ്യക്തമായ മാനദണ്ഡം ഏർപ്പെടുത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ ; എത്ര വർഷം കൂടുമ്പോൾ വാർഡ് വിഭജനം നടത്താനാണ് ഉമ്മൻകമ്മിറ്റി ശുപാർശ ചെയ്തിരുന്നത് ;

(ബി) വിഭജനത്തിന്റെ മാനദണ്ഡത്തിൽ മാറ്റം വരാതിരിക്കാൻ എന്തെല്ലാം കരുതലുകൾ നിർദ്ദേശിച്ചിട്ടുണ്ട് ;

(സി) ഇക്കാര്യത്തിൽ ശുപാർശ സമർപ്പിക്കുന്നതിന് ചുമതലപ്പെടുത്തിയ സമിതിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;

(ഡി) പ്രസ്തുത സമിതിയുടെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ ; പ്രധാന ശുപാർശകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ വിഭജനം</u>

6050 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ ഭരണ വാർഡ് പുനർ വിഭജനത്തിനുള്ള ഡിലിമിറ്റേഷൻ കമ്മീഷൻ എന്ന് രൂപീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) തദ്ദേഭരണ സ്ഥാപനങ്ങളുടെ തെരെഞ്ഞെടുപ്പിനു മുമ്പായി സംവരണം 10 വർഷത്തേക്കായി നിജപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**പഞ്ചായത്ത് വില്ലേജുകളുടെ അതിർത്തി ഏകോപനം**

6051 ഡോ. എൻ. ജയരാജ്
ശ്രീ. പി.സി. ജോർജ്
,, റോഷി അഗസ്റ്റിൻ
,, എം.വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ അതിർത്തികൾ വില്ലേജുകളുടെ അതിർത്തികളുമായി ഏകോപിപ്പിച്ച് പുനർനിർണ്ണയം നടത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതു സംബന്ധിച്ച് ഒരു സമിതിയെ നിയമിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തു വിഭജനം</u>

6052 ശ്രീ. സി. ദിവാകരൻ
,, കെ. രാജു
,, ജി. എസ്. ജയലാൽ
ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നാൽപ്പതിനായിത്തിനുമേൽ ജനസംഖ്യയുള്ള എത്ര പഞ്ചായത്തുകളുണ്ട് ; അവ വിഭജിക്കാനുദ്ദേശിക്കുന്നുണ്ടോ ;

(ബി) ഒരു പഞ്ചായത്തിനുവേണ്ട പരമാവധി വാർഡുകളുടെ എണ്ണം എത്രയായി നിജപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്തുകളിലെ ഫ്രണ്ട് ഓഫീസുകൾ</u>

6053 ശ്രീ. സണ്ണി ജോസഫ്
,, വർക്കല കഹാർ
,, പി.സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ ഫ്രണ്ട് ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇതുവഴി പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് ഫ്രണ്ട് ഓഫീസുകളുടെ പ്രവർത്തനസമയം ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് അംഗങ്ങളുടെ സുരക്ഷിതത്വത്തിന് നടപടി</u>

6054 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ ആകെ എത്ര വാർഡുകളാണ് ഉള്ളതെന്ന് അറിയിക്കുമോ ;

(ബി) ഗ്രാമപഞ്ചായത്തംഗങ്ങളായി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് നിലവിൽ ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(സി) ഇവരുടെ ജീവിത സുരക്ഷിതത്വത്തിനായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോയെന്നും ഇല്ലെങ്കിൽ ഇതുപ്രകാരമുള്ള പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ അമിത ജോലി ഭാരം</u>

6055 ശ്രീ. കെ. രാധാകൃഷ്ണന്‍
ശ്രീമതി. പി. അയിഷാ പോറ്റി
ശ്രീ. എ.എം. ആരിഫ്
,, പി. ശ്രീരാമകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ക്ഷേമ പെന്‍ഷനുകളുടെ വിതരണം ഗ്രാമപഞ്ചായത്തുകള്‍ക്ക് അമിത ജോലിഭാരം ഉണ്ടാക്കുന്നു എന്ന റിപ്പോര്‍ട്ടില്‍ കഴമ്പുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) ജനസേവന - പദ്ധതി നിര്‍വ്വഹണത്തിലെ കാലതാമസത്തിന് ഇത് കാരണമാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇത് പരിഹരിക്കുവാന്‍ എന്തു നടപടി സ്വീകരിച്ചു?

# കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

<u>സേവാഗ്രാമം പദ്ധതി</u>

6056 ശ്രീ. വി. ഡി. സതീശൻ
'' വർക്കല കഹാർ
'' പി. സി. വിഷ്ണുനാഥ്
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ സേവാഗ്രാമുകൾ സ്ഥാപിക്കുന്നതു വഴി എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് സേവാഗ്രാമം പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) ഗ്രാമ പഞ്ചായത്തുകളിൽ എവിടെയെല്ലാമാണ് ഇവ സ്ഥാപിക്കുന്നത്; വിശദമാക്കുമോ;

(സി) എന്തെല്ലാം സേവനങ്ങളാണ് ഇത് വഴി ജനങ്ങൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളെ സ്ത്രീ-ശിശു സൗഹാർദ്ദമാക്കുന്നതിനുള്ള പദ്ധതി</u>

6057 ശ്രീ. വർക്കല കഹാർ
,, വി. പി. സജീന്ദ്രൻ
,, ലൂഡി ലൂയിസ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളെ സ്ത്രീ-ശിശു സൗഹാർദ്ദമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) സ്ത്രീകൾക്കും കുട്ടികൾക്കും എതിരെയുള്ള അതിക്രമങ്ങൾ തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ പ്രൊഡ്യൂസർ കമ്പനി</u>

6058 ശ്രീ. ലൂഡി ലൂയിസ്
,, എ. റ്റി. ജോർജ്
,, ഐ. സി. ബാലകൃഷ്ണൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പ്രൊഡ്യൂസർ കമ്പനി രൂപവത്ക്കരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) വിവിധ മേഖലയിലെ ഉത്പാദനം മുതൽ വിപണനം വരെയുള്ള ശൃംഖല ഏകോപിപ്പിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്ക് നബാർഡ് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീ സാമ്പത്തിക സാക്ഷരതാ പ്രചരണം</u>

6059 ശ്രീ. ബെന്നി ബെഹനാൻ
,, അൻവർ സാദത്ത്
,, സി. പി. മുഹമ്മദ്
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ സാമ്പത്തിക സാക്ഷരതാ പ്രചരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതു വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അനധികൃത സ്ഥാപനങ്ങളിൽ നിന്ന് അമിത പലിശയ്ക്ക് വായ്പയെടുക്കുന്നതിന്റെ ദോഷഫലങ്ങളും പരിഹാര മാർഗ്ഗങ്ങളും ജനങ്ങളെ ബോദ്ധ്യപ്പെടുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത ക്യാമ്പയിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഈ ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കുടുംബശ്രീ അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ് പദ്ധതി</u>

6060 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ നിന്ന് 9,10 ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതിയിലേയ്ക്ക് കുടുംബശ്രീ അംഗങ്ങളുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മിറ്റി സംബന്ധിച്ച വിവരം</u>

6061 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് കോ-ഓർഡിനേഷൻ കമ്മറ്റി എപ്പോഴെല്ലാമാണ് യോഗം ചേരുന്നതെന്നും കമ്മിറ്റിയുടെ അധികാരങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കുമോ;

(ബി) ഇതിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) കമ്മിറ്റിയെടുക്കുന്ന തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നു എന്ന് ഉറപ്പ് വരുത്താൻ നിലവിൽ എന്തെല്ലാം സംവിധാനമാണ് ഉള്ളത്;

(ഡി) തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് നിശ്ചിത സമയപരിധിവെയ്ക്കുന്നതിനും, വീഴ്ചവരുത്തുന്നത് പരിശോധിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

കേരള നിയമസഭ
07.07.2014-ലെ മറുപടിക്ക്

<u>ഗ്രാമപഞ്ചായത്ത് ലൈബ്രറികളുടെ പ്രവര്‍ത്തനം</u>

6062 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഗ്രാമപഞ്ചായത്ത് ലൈബ്രറികളുടെ പ്രവര്‍ത്തനം ശാക്തീകരിക്കുന്നതിനായി സ്വീകരിച്ച നടപടികള്‍ വ്യക്തമാക്കുമോ;

(ബി) പഞ്ചായത്ത് ലൈബ്രേറിയന്‍മാര്‍ക്ക് മതിയായ പരിശീലനം നല്‍കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കില്‍ വിശദാംശങ്ങള്‍ നല്‍കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>ഗ്രാമപഞ്ചായത്തുകളിലെ വാഹനങ്ങൾ</u>

6063 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര ഗ്രാമപഞ്ചായത്തുകൾക്കാണ് സ്വന്തമായി വാഹനമുള്ളത്;

(ബി) സ്വന്തമായി വാഹനമില്ലാത്ത ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ടോ ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക നിലവിലുണ്ടോ ;

(ഡി) വാഹനങ്ങളുള്ള ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർമാരെ ഏതു രീതിയിലാണ് നിയമിക്കുന്നത് ;

(ഇ) ഗ്രാമപഞ്ചായത്തുകളിൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>തെരുവുനായ്ക്കളുടെ നിയന്ത്രണം</u>

6064 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തെരുവുനായ്ക്കളെ നിയന്ത്രിക്കുന്നതിനോ തെരുവുകളിൽ നിന്നും അവയെ ഒഴിവാക്കി മറ്റെവിടെയെങ്കിലും പുനരധിവസിപ്പിക്കുന്നതിനോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഒരു നിശ്ചിത തീയതി വരെ കാലാവധി അനുവദിച്ച് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നു പറയാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പഞ്ചായത്തുകളുടെ ഫണ്ട് ഉപയോഗിക്കുന്നതിനുള്ള പെർമിസീവ് സാംഗ്ഷൻ</u>

6065 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വിവിധ പഞ്ചായത്തുകളിൽ ഫണ്ട് ഉപയോഗിക്കുന്നതിന് നൽകിയ പെർമിസീവ് സാംഗ്ഷൻ എത്ര; വിശദമാക്കാമോ;

(ബി) ഓരോ പഞ്ചായത്തിലും ഏതെല്ലാം ആവശ്യത്തിനാണ് പെർമിസീവ് സാംഗ്ഷൻ നൽകിയത് എന്നത് ഉത്തരവുകളുടെ പകർപ്പ് സഹിതം വിശദമായി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>എസ്. സി. പി./എസ്. ടി. പി. ഫണ്ടുവിനിയോഗം സംബന്ധിച്ച യോഗം</u>

6066 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13.03.2013-ലെ സ.ഉ.(സാധാ)നം.528/2013/തസ്വഭവ. ഉത്തരവിന്റെ സാരാംശം വ്യക്തമാക്കുമോ;

(ബി) മേൽ ഉത്തരവനുസരിച്ച് ഏതൊക്കെ ജില്ലകളിൽ എത്ര പ്രാവശ്യം എസ്. സി. പി./എസ്. ടി. പി. ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച് എം.എൽ.എ.മാരുടെ സാന്നിദ്ധ്യത്തിൽ പ്രത്യേകം യോഗം വിളിച്ചുചേർത്തുവെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഖരമാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയ സംവിധാനങ്ങൾ</u>

6067 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്രാമ-നഗര പ്രദേശങ്ങളിലെ ഖരമാലിന്യനിർമ്മാർജ്ജനത്തിന് ഏർപ്പെടുത്തിവരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ ഏജൻസികളാണ് ഇത്തരം ഖരമാലിന്യ നിർമ്മാർജ്ജനത്തിന് അപേക്ഷകരായി ഉള്ളത്;

(സി) പരമാവധി കമ്പനികൾക്ക് ഖരമാലിന്യനിർമ്മാർജ്ജനത്തിന് അനുമതി നൽകാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ്;

(ഡി) ഖരമാലിന്യനിർമ്മാർജ്ജന സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിൽ അനാസ്ഥ ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഇ) ഖരമാലിന്യനിർമ്മാർജ്ജനത്തിന് യോഗ്യതയുള്ളവരെ നിശ്ചയിച്ചതിനുശേഷം പൊതുമേഖലാസ്ഥാപനങ്ങൾ മാത്രം മതി എന്ന് നിർദ്ദേശം വന്നിട്ടുണ്ടോ; എങ്കിൽ യോഗ്യതയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണ്;

(എഫ്) പ്രസ്തുത നിർദ്ദേശം മൂലം പദ്ധതികൾ നടപ്പാക്കുന്നതിൽ വന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എല്ലാ ഗ്രാമ-നഗര കേന്ദ്രങ്ങളിലും ഖരമാലിന്യ നിർമ്മാർജ്ജനത്തിന് നിശ്ചിതയോഗ്യതയുള്ള പരമാവധി കമ്പനികളെ പങ്കെടുപ്പിച്ച് ശാസ്ത്രീയമായ സംവിധാനങ്ങൾ അടിയന്തിരമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ശുചിത്വമിഷന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കല്‍</u>

6068 ശ്രീ. വി. ചെന്താമരാക്ഷന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) ജില്ലാ കോ-ഓര്‍ഡിനേറ്റര്‍മാരുടെ അഭാവം മൂലം ശുചിത്വമിഷന്റെ പ്രവര്‍ത്തനങ്ങള്‍ നടക്കുന്നില്ല എന്ന ആക്ഷേപത്തില്‍ കഴമ്പുണ്ടോ;

(ബി) എങ്കില്‍ കോ-ഓര്‍ഡിനേറ്റര്‍മാരെ നിയമിച്ച് ശുചിത്വമിഷന്റെ പ്രവര്‍ത്തനം കാര്യക്ഷമമാക്കാന്‍ നടപടി സ്വീകരിക്കുമോ;

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ ശുചിത്വമിഷന്‍ വഴി നടത്താവുന്ന പദ്ധതികള്‍ ഏതെല്ലാമാണ് എന്ന് വിശദമാക്കാമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ശുചിത്വമിഷൻ മുഖേന ചെലവഴിച്ച തുക</u>

6069 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടത്തുന്ന ശുചിത്വ മിഷന്റെ പ്രവർത്തനങ്ങൾക്കായി 2013-14 സാമ്പത്തിക വർഷത്തിൽ ലഭിച്ച കേന്ദ്ര സഹായം എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രസഹായത്തിന് പുറമെ സംസ്ഥാനസർക്കാർ എത്ര തുക അനുവദിച്ചു;

(സി) ശുചിത്വ മിഷന് ആകെ ലഭിച്ച ഫണ്ട് എത്രയെന്നും അതിൽ എത്ര തുക ചെലവഴിച്ചു എന്നും വിശദമാക്കാമോ;

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ശുചിത്വമിഷന്റെ പ്രവര്‍ത്തനങ്ങള്‍</u>

6070 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മാലിന്യ സംസ്കരണത്തിനായി ശുചിത്വമിഷന്‍ മുഖേന പഞ്ചായത്തുകള്‍ നടപ്പാക്കുന്ന പദ്ധതികള്‍ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ;

(ബി) 2013-14 വര്‍ഷത്തില്‍ ശുചിത്വമിഷന്‍ ഏതൊക്കെ ഇനങ്ങളിലായിട്ടാണ് പണം ചെലവഴിച്ചിട്ടുള്ളത് എന്നും ഓരോ ഇനത്തിലും എത്ര തുക വീതം ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകള്‍ക്കാണ് ശുചിത്വമിഷന്‍ 2013-14-ല്‍ ധനസഹായം നല്‍കിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

ബയോഗ്യാസ് പ്ലാന്റുകൾ

6071 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാലിന്യസംസ്കരണത്തിന്റെ ഭാഗമായി ഏതൊക്കെതരം ബയോഗ്യാസ് പ്ലാന്റുകൾക്കാണ് പഞ്ചായത്തുകൾ പദ്ധതിവിഹിതം ചെലവഴിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര തുക വീതമാണ് ഓരോ ഇനം പ്ലാന്റുകൾക്കും വേണ്ടി പഞ്ചായത്തുകൾ ധനസഹായം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ബയോഗ്യാസ് പ്ലാന്റുകൾ വ്യാപകമാക്കുന്നതിന് മുഴുവൻ അപേക്ഷകർക്കും പ്ലാന്റുകൾ സ്ഥാപിച്ചു നൽകുവാൻ പഞ്ചായത്തുവകുപ്പ് നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ആജിവിക സ്കിൽഡ് പദ്ധതി</u>

6072 ശ്രീ. പി. സി. വിഷ്ണുനാഥ്
,, വി.ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'ആജീവിക സ്കിൽഡ്' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഗ്രാമീണ മേഖലയിലെ നിർദ്ധനരായ ചെറുപ്പക്കാർക്ക് വിദഗ്ധ തൊഴിൽ പരിശീലനത്തിലൂടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ആരെല്ലാമാണ് പദ്ധതിയുമായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

കേരള നിയമസഭ
07.07.2014-ലെ മറുപടിക്ക്

<u>ആജീവികാ സ്കിൽസ് പദ്ധതി</u>

6073 ശ്രീ. എ.കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ ദേശീയ ഗ്രാമീണ ഉപജീവനാമിഷന്റെ ഘടക പദ്ധതിയായ ആജീവികാ സ്കിൽസ് നടപ്പിലാക്കുന്നതിന്റെ ചുമതല സംസ്ഥാനത്ത് കുടുംബശ്രീ ഏറ്റെടുത്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഉണ്ടെങ്കിൽ, ഈ പദ്ധതിയുടെ വിശദാംശങ്ങളും നടപ്പിലാക്കുന്ന രീതിയും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് ഓൺലൈൻ സംവിധാനം</u>

6074 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ആർ. സെൽവരാജ്
,, എം.എ. വാഹീദ്
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ നിന്നും നൽകുന്ന ജനനമരണ, വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻവഴി ലഭിക്കുന്ന സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ആരെല്ലാമാണ് ഈ സംവിധാനത്തിന്റെ നടത്തിപ്പുമായി സഹകരിക്കുന്നത് ; വിശദമാക്കുമോ;

(ഡി) ഓൺലൈൻവഴി ലഭിക്കുന്ന സർട്ടിഫിക്കറ്റുകളുടെ ആധികാരികത സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ് ; വിവരിക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ജനന മരണ രജിസ്ട്രേഷൻ</u>

6075 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ജനന മരണ രജിസ്ട്രേഷൻ യഥാസമയം നടത്താൻ കഴിയാത്തവർക്ക് പ്രസ്തുത രജിസ്ട്രേഷൻ നടത്തുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ജനനം രജിസ്റ്റർ ചെയ്യുവാൻ വൈകിയാൽ പഞ്ചായത്തിൽ അപേക്ഷ നൽകി വില്ലേജ് ഓഫീസർ, തഹസിൽദാർ എന്നിവർ വഴി ആർ.ഡി.ഒ. ക്ക് അപേക്ഷ നൽകി മാതാപിതാക്കളും സാക്ഷികളും ഹിയറിംഗിന് ഹാജരാകണം എന്ന വ്യവസ്ഥ നിലവിലുണ്ടോ;

(സി) മരണം യഥാസമയം രജിസ്റ്റർ ചെയ്യാത്തവരുടെ അവകാശ മുതൽ രജിസ്റ്റർ ചെയ്യുവാൻ മരണ സർട്ടിഫിക്കറ്റ് ആവശ്യമായതിനാൽ, ജനനമരണങ്ങൾ യഥാസമയം രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തവർക്ക് അതത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ തന്നെ പിഴയടച്ച് രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടി നിയമത്തിൽ ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ</u>

6076 ശ്രീ. പാലോട് രവി
,, ഷാഫി പറമ്പിൽ
,, വി. പി. സജീന്ദ്രൻ
,, എം.എ വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിൽ താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ നൽകുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ആർക്കെല്ലാമാണ് ഇതിന്റെ പ്രയോജനം ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നവർക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള എഞ്ചിനീയറിംഗ് വിംഗ് രൂപീകരണം</u>

6077 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായി ഒരു എൻജിനീയറിംഗ് വിംഗ് രൂപീകരിക്കാൻ തിരുമാനിച്ച് ഉത്തരവായതെന്നാണ്; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികൾ ഉൾപ്പെടെ ഏതെല്ലാം പദ്ധതികൾക്കാണ് ഈ വിംഗിന്റെ സേവനം നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിംഗിന്റെ നിലവിലെ ഭരണ സമ്പ്രദായത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ഡി) നിലവിലെ എഞ്ചിനീയറിംഗ് വിംഗിനെ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിംഗ്, നഗരകാര്യ എഞ്ചിനീയറിംഗ് വിംഗ് എന്നിങ്ങനെ വിഭജിക്കാൻ നടപടിയുണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**<u>തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിലെ അധിക തസ്തികകൾ</u>**

6078 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശ സ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിൽ എത്ര അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട് ;

(ബി) പ്രസ്തുത വിവരം തസ്തിക തിരിച്ച് വ്യക്തമാക്കുമോ ;

(സി) വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിൽ എൻജിനീയറിംഗ് തസ്തികയ്ക്ക് ആനുപാതികമായി മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ (പൊതുമരാമത്ത്, ഇറിഗെഷൻ മാനദണ്ഡ പ്രകാരം) ഉണ്ടോ;ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണവകുപ്പിലെ എൻജിനീയറിംഗ് വിഭാഗം ആഡിറ്റിംഗ്</u>

6079 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ എൻജിനീയറിംഗ് വിഭാഗത്തിലെ ആഡിറ്റിംഗ് കാലാകാലങ്ങളിൽ നടക്കാറുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഭാഗത്തിൽ ഏതു കാലയളവ് വരെയുള്ള ആഡിറ്റിംഗ് പൂർത്തീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(സി) വകുപ്പിലെ എൻജിനീയറിംഗ് വിഭാഗങ്ങളിൽ കൃത്യമായ ആഡിറ്റിംഗും അക്കൗണ്ടിംഗും നടക്കാത്തതിന്റെ പേരിൽ ഫണ്ട് വ്യാപകമായി തിരിമറി നടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

എൽ. എസ്. ജി. ഡി എഞ്ചിനീയറിംഗ് വിംഗ് വിഭജനം

6080 ശ്രീമതി ഇ. എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) എൽ. എസ്. ജി. ഡി എഞ്ചിനീയറിംഗ് വിങ് രൂപീകരിച്ചത് ഹൈക്കോടതിയുടെ ഏത് വിധിയുടെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമാക്കാമോ;

(ബി) എൽ. എസ്. ജി. ഡി മൂന്ന് മന്ത്രിമാർ കൈകാര്യം ചെയ്യുന്നതിനാൽ എഞ്ചിനീയറിംഗ് വിങ് മൂന്നാക്കി വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വിഭജിക്കുകയാണെങ്കിൽ ഉദ്യോഗസ്ഥർക്ക് ഉണ്ടാകുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>എൻജിനീയർമാരുടെ ഒഴിവ് നികത്താൻ നടപടി</u>

6081 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ വകുപ്പിന്റെ എൻജിനീയറിംഗ് വിഭാഗത്തിൽ കാസർഗോഡ് ജില്ലയിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഈ ഒഴിവുകൾ നികത്താൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് സബ് ഡിവിഷനുകളിലെ ക്ലറിക്കൽ തസ്തികകൾ</u>

6082 ശ്രീമതി പി. അയിഷാപോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ എഞ്ചിനീയറിംഗ് സബ് ഡിവിഷനുകളുടെ എണ്ണം എത്രയാണ് ;

(ബി) പ്രസ്തുത സബ്ഡിവിഷനുകളിൽ എത്ര ക്ലറിക്കൽ തസ്തികകൾ ഉണ്ട് ; ആയതിൽ എത്ര തസ്തികയിൽ ജീവനക്കാരുണ്ട് ;

(സി) ക്ലർക്ക് ഇല്ലാത്ത സബ് ഡിവിഷനുകളിൽ ജീവനക്കാരുടെ ജീവനക്കാര്യം അടക്കമുള്ള വിഷയങ്ങൾ ഇപ്പോൾ ആരാണ് കൈകാര്യം ചെയ്യുന്നത് ?

# കേരള നിയമസഭ
## 07.07.2014–ലെ മറുപടിക്ക്

<u>എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ കേഡർ</u>

6083 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗം കേഡർ രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന് ഉണ്ടാകുന്ന തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(സി) മിനിസ്റ്റീരിയൽ വിഭാഗം കേഡർ രൂപീകരിക്കുന്നതിന് ചീഫ് എഞ്ചിനീയറുടെ പ്രൊപ്പോസൽ വകുപ്പിൽ ലഭിച്ചതിൽ എത്രയും വേഗം തീർപ്പു കല്പിക്കുമോ; അതിലെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിലെ മിനിസ്റ്റീരിയൽ വിഭാഗം</u>

6084 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിലെ എൻജിനീയറിംഗ് വിഭാഗത്തിൽ എത്ര സെക്ഷൻ ആഫീസുകൾ ഉണ്ട്;

(ബി) പ്രസ്തുത സെക്ഷൻ ആഫീസുകളിൽ എത്ര എണ്ണത്തിൽ മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാരുണ്ട്;

(സി) പ്രസ്തുത സെക്ഷൻ ആഫീസുകളിൽ ബിൽ ആഡിറ്റിംഗ്, അക്കൗണ്ട് സൂക്ഷിക്കൽ തുടങ്ങിയ ജോലികൾ ഇപ്പോൾ ആരാണ് നിർവ്വഹിച്ചു വരുന്നത് എന്ന് വ്യക്തമാക്കുമോ?

# **കേരള നിയമസഭ**

07.07.2014–ലെ മറുപടിക്ക്

<u>പഞ്ചായത്തിലെ ജീവനക്കാരുടെ സ്ഥലംമാറ്റ മാനദണ്ഡങ്ങൾ</u>

6085 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2013 ലെ ജനറൽ ട്രാൻസ്ഫറിന് പുലർത്തിയ അതേ മാനദണ്ഡങ്ങൾ തന്നെയാണോ 2014 ലെ ജനറൽ ട്രാൻസ്ഫറിനും പഞ്ചായത്ത് വകുപ്പിൽ തുടരുന്നതെന്ന് അറിയിക്കുമോ;

(ബി) 2013 ലെ ജനറൽ ട്രാൻസ്ഫറിന് ശേഷം 2014 ലെ ജനറൽ ട്രാൻസ്ഫറിന് മുൻപ് ഡെപ്യൂട്ടേഷനിൽ തുടർന്ന്, ശേഷം പഞ്ചായത്ത് വകുപ്പിൽ മടങ്ങി വന്ന ജീവനക്കാരിൽ അവരവരുടെ ജില്ലയിൽ തന്നെ നിയമിക്കപ്പെട്ടവർ എത്ര പേരാണ്;

(സി) ഇവരെ ജനറൽ ട്രാൻസ്ഫർ നടത്തുമ്പോൾ ജില്ലയിലെ ജൂനിയർ ആയതിനാൽ സ്ഥലം മാറ്റുമോ;

(ഡി) ഇങ്ങനെ നിയമിച്ചു തൽസ്ഥാനത്ത് ഇപ്പോഴും തുടരുന്ന ജീവനക്കാരുടെ വിശദവിവരങ്ങൾ വ്യക്തമാക്കാമോ;

(ഇ) 2013 ലെ ജനറൽ ട്രാൻസ്ഫറിന്റെ ക്യൂ ലിസ്റ്റ് പ്രകാരം ജീവനക്കാർ ആവശ്യപ്പെട്ട അതാതു ആഫീസിൽ സ്ഥലം മാറ്റത്തിനായി ഊഴം കാത്തിരുന്ന ജീവനക്കാരെ മറികടന്നുകൊണ്ടു 2014 ലെ ജനറൽ ട്രാൻസ്ഫറിന് മുൻപ് മറ്റ് ആരെയെങ്കിലും സ്ഥലം മാറ്റി നിയമിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 07.07.2014–ലെ മറുപടിക്ക്

ഗ്രാമപഞ്ചായത്തുകളിലെ ടൈപ്പിസ്റ്റ്/ഡി.റ്റി.പി ഓപ്പറേറ്റർ തസ്തിക

6086 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിൽ ടൈപ്പിസ്റ്റ്/ഡി.റ്റി.പി ഓപ്പറേറ്റർ തസ്തിക നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത്തരം ജോലി ചെയ്യുന്നതിന് ജീവനക്കാരെ ഏതു രീതിയിലാണ് നിയമിക്കുന്നത്;

(സി) ടൈപ്പിസ്റ്റ്/ഡി.റ്റി.പി. ഓപ്പറേറ്റർ തസ്തിക ഇല്ലാത്തത് ഗ്രാമപഞ്ചായത്തുകൾക്ക് ഏറെ പ്രയാസമുണ്ടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ

## 07.07.2014-ലെ മറുപടിക്ക്

<u>കാലാവധി കഴിഞ്ഞിട്ടും ഡെപ്യൂട്ടേഷനിൽ തുടരുന്നതിനെതിരെ നടപടി</u>

6087 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറി റാങ്കിലുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻ ആലപ്പുഴ ജില്ലയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ തുടരുന്നുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) തദ്ദേശ സ്വയംഭരണസ്ഥാപനത്തിലെ സാമ്പത്തിക അഴിമതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസിൽ പ്രതിയായ മേൽപറഞ്ഞ ഉദ്യോഗസ്ഥൻ പ്രസ്തുത ഓഫീസിലെ തന്നെ സെക്രട്ടറിയുടെ ചാർജ്ജിലോ ഫിനാൻസ് ഓഫീസറുടെ ചാർജ്ജിലോ തുടരുന്നുണ്ടോ എന്നു അറിയിക്കുമോ; ഇപ്രകാരം തുടരുന്നത് മേൽപ്പറഞ്ഞ വിജിലൻസ് കേസുമായി ബന്ധപ്പെട്ട തെളിവുകൾ നശിപ്പിക്കുന്നതിനാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്തു നടപടി സ്വീകരിക്കുമെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ

## 07.07.2014-ലെ മറുപടിക്ക്

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ നികുതി പിരിവ് - അധിക വിഹിതം**

6088 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്തുകളിലെ നികുതി പിരിവ് കാര്യക്ഷമമായി നടക്കുന്നില്ല എന്ന ആക്ഷേപം സംബന്ധിച്ച് നിലപാട് വിശദമാക്കാമോ;

(ബി) നികുതി പിരിവ് മെച്ചപ്പെടുത്തുന്നതിന്റെ അടിസ്ഥാനത്തിൽ 10 ശതമാനം അധിക വിഹിതം നൽകാൻ തീരുമാനിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എത്ര പഞ്ചായത്തുകൾക്ക് അധിക വിഹിതം ലഭ്യമാക്കിയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 07.07.2014-ലെ മറുപടിക്ക്

<u>അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടി</u>

6089 ശ്രീ. കെ. ശിവദാസൻ നായർ
,, പി.എ. മാധവൻ
,, റ്റി.എൻ. പ്രതാപൻ
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അനധികൃത കെട്ടിട നിർമ്മാണത്തിനെതിരെ നടപടികൾ സ്വീകരിക്കാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് തദ്ദേശസ്വയംഭരണ വകുപ്പ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ശക്തമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) അനധികൃത നിർമ്മാണത്തിന്റെ വിവരങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി എന്തെല്ലാം കാര്യങ്ങളാണ് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(ഡി) അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളും രജിസ്റ്ററുകളുമാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കുവാൻ നിർദ്ദേശിച്ചിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

കെട്ടിട നികുതി വര്‍ദ്ധനവ്

6090 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നല്‍കുമോ:

(എ) പഞ്ചായത്തുകളിലും നഗരസഭകളിലും കെട്ടിടനികുതി വര്‍ദ്ധിപ്പിക്കുന്നതിനുള്ള മാനദണ്ഡങ്ങള്‍ എന്താണെന്നും ഇത് പരിശോധിച്ച് നടപ്പിലാക്കുന്നതിന ചുമതലപ്പെട്ട ഉദ്യോഗസ്ഥന്‍ ആരാണെന്നും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ മാനദണ്ഡങ്ങള്‍ പാലിച്ചുകൊണ്ടാണോ എല്ലാ പഞ്ചായത്തുകളും നികുതി വര്‍ദ്ധന നടപ്പാക്കിയത് എന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) കോഴിക്കോട് ജില്ലയില്‍ ഏതെല്ലാം പഞ്ചായത്തുകളില്‍ നിരക്കുവര്‍ദ്ധന നടപ്പാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

ബിൽഡിംഗ് റൂൾസ് ലംഘിച്ച് നിർമ്മിച്ച കെട്ടിടങ്ങൾ

6091 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബിൽഡിംഗ് റൂൾ ലംഘിച്ച് നിർമ്മിച്ച പല അനധികൃത കെട്ടിടങ്ങൾക്കും പിന്നീട് അംഗീകാരം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് തടയുന്നതിനായി ഉത്തരവുകളോ നിർദ്ദേശങ്ങളോ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ ?

## കേരള നിയമസഭ

07.07.2014-ലെ മറുപടിക്ക്

<u>പാലിയേറ്റീവ് കെയർ സംവിധാനം മികച്ച രീതിയിൽ നടത്തുന്ന പഞ്ചായത്തുകൾക്കുള്ള ധനസഹായം</u>

6092 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലിയേറ്റീവ് കെയർ സംവിധാനം മികച്ച രീതിയിൽ നടത്തുന്ന പഞ്ചായത്തുകൾക്ക് പ്രത്യേക സഹായം ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് പാലിയേറ്റീവ് കെയർ സംവിധാനം മികച്ച രീതിയിൽ നടത്തിക്കൊണ്ടുപോകുന്ന പഞ്ചായത്തുകൾ ഏതൊക്കെയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**തണ്ണീർത്തട ഡേറ്റാബാങ്ക് വിജ്ഞാപന നടപടികൾ പൂർത്തിയാക്കാത്ത സ്ഥാപനങ്ങൾ**

6093 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡേറ്റാബാങ്ക് ഗസറ്റ് വിജ്ഞാപനം നടത്തേണ്ട നടപടികൾ പൂർത്തിയാക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പേര് വിവരം വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങൾ ഗസറ്റ് വിജ്ഞാപന നടപടികൾ പൂർത്തിയാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ

07.07.2014-ലെ മറുപടിക്ക്

<u>പരിസ്ഥിതി രജിസ്റ്റർ</u>

6094 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പഞ്ചായത്തുകളിൽ പരിസ്ഥിതി രജിസ്റ്റർ(പി. ബി. ആർ) തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;രജിസ്റ്ററിന്റെ പകർപ്പ് ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**2006-2007-ലെ ജനന രജിസ്ട്രേഷൻ ഫോറത്തിലെ അപാകത പരിഹരിക്കുന്നതിനുള്ള നടപടി**

6095 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2006-2007 വർഷങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനനരജിസ്ട്രേഷനുവേണ്ടി ലഭ്യമാക്കിയ നിർദ്ദിഷ്ഠ ഫോറത്തിൽ മേൽവിലാസ സൂചന ഇല്ല എന്ന അപാകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാരണത്താൽ തുടർന്നുണ്ടായിട്ടുള്ള വിദ്യാർത്ഥികളുടെ പ്രവേശന നടപടികളിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) സമയബന്ധിതമായി അനുബന്ധവിഷയം പരിഹരിക്കുന്നതിനുള്ള നടപടി ഉണ്ടാവുമോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പൊതുശ്മശാനങ്ങളുടെ നിലവാരം മെച്ചപ്പെടുത്തൽ</u>

6096 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളിൽ പൊതു ശ്മശാനഭൂമി ഉണ്ടായിട്ടും കാര്യക്ഷമമായി പ്രയോജനപ്പെടുത്താത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൃതദേഹങ്ങൾ ശാസ്ത്രീയമായി ദഹിപ്പിക്കുന്നതിനുള്ള സംവിധാനം, മൃതശരീരവുമായി എത്തിച്ചേരുന്നവർക്ക് വെയിലും മഴയുമേൽക്കാതെ നിൽക്കാനുള്ള ഷെൽട്ടറുകൾ, പ്രാർത്ഥനക്കും അനുശോചന യോഗങ്ങൾക്കും അനുയോജ്യമായ ഹാളുകൾ, വിറക്, വിവിധ ഉപകരണങ്ങൾ എന്നിവ സൂക്ഷിക്കുന്നതിനുള്ള സ്റ്റോർ റൂം, റോഡ് തുടങ്ങിയ സൗകര്യങ്ങളോടെ ഒരു മണ്ഡലത്തിൽ ഒരു ശ്മശാനം അഭിവൃദ്ധിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾക്ക് ലൈസൻസ്

6097 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇഷ്ടിക നിർമ്മാണത്തിനായി വൈക്കം താലൂക്കിലെ ഓരോ പഞ്ചായത്തുകളിലും എത്ര ലൈസൻസുകൾ വീതം നൽകിയിട്ടുണ്ടെന്ന് അറിയാമോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഇതിൽ പഞ്ചായത്തിന്റെ അനുമതി ഇല്ലാതെ പ്രവർത്തിക്കുന്ന ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾ ഉണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) പഞ്ചായത്തിന്റെ അനുമതി നേടുന്നതിനുമുമ്പ് ഏതെല്ലാം വകുപ്പുകളുടെ അനുമതിയാണ് ആവശ്യമുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾ ഉയർത്തുന്ന പാരിസ്ഥിതിക ആഘാതം പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇഷ്ടിക നിർമ്മാണ കേന്ദ്രങ്ങൾക്ക് അനുമതി നൽകുന്നതിനുമുൻപ് പാരിസ്ഥിതികാഘാത പഠനം നടത്താറുണ്ടോ എന്നറിയിക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>ഗ്രാമസഭകളുടെയോഗം ചേരുന്നതു സംബന്ധിച്ച നടപടിക്രമം</u>

6098 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഗ്രാമസഭകൾ യോഗം ചേരുന്നതു സംബന്ധിച്ച നടപടി ക്രമങ്ങൾ വിശദമാക്കുന്നതിന് ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>സ്നേഹ നഗർ എസ്.സി. കോളനിയിലെ വിജ്ഞാൻവാടികേന്ദ്രത്തിന്റെ നിർമ്മാണം</u>

6099 ശ്രീ. ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊരട്ടി പഞ്ചായത്തിലെ 5-ാം വാർഡ് സ്നേഹനഗർ എസ്.സി. കോളനിയിലെ വിജ്ഞാൻവാടികേന്ദ്രത്തിന്റെ നിർമ്മാണം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണ്;

(സി) കെട്ടിടത്തിന്റെ നിർമ്മാണചുമതല ഏറ്റിട്ടുള്ള തൃശ്ശൂർ ജില്ലാ പോലീസ് സഹകരണ സംഘത്തിന് ഇതുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പഞ്ചായത്ത് കൈമാറിയിട്ടും ഇതുവരെയും നിർമ്മാണം ആരംഭിയ്ക്കാത്തത് എന്തുകൊണ്ടാണ് എന്ന് അറിയാമോ;

(ഡി) പ്രസ്തുത വിജ്ഞാൻവാടി കേന്ദ്ര നിർമ്മാണം അടിയന്തരമായി പൂർത്തിയാക്കാൻ ആവശ്യപ്പെടുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

തങ്കിക്കവല മുതൽ അരൂർ ബൈപ്പാസ് വരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി

6100 ശ്രീ. എ.എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ത്രിതല പഞ്ചായത്തുകൾ പരസ്യ ഏജൻസികളുമായി കരാർ ഉണ്ടാക്കി ദേശീയപാതയിൽ തങ്കിക്കവല മുതൽ അരൂർ ബൈപ്പാസ് വരെ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ട്രീറ്റ് ലൈറ്റുകൾ തീരെ വെളിച്ചം കുറഞ്ഞതും ഉപകാരപ്രദമായതുമല്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഫ്യൂസാകുന്ന ട്യൂബുകൾ യഥാസമയം മാറാത്തത് നിമിത്തവും മെയിന്റനൻസ് നടത്താത്തതുകൊണ്ടും പല ലൈറ്റുകളും പ്രകാശിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എഗ്രിമെന്റ് വച്ചിട്ടുള്ളവർ എഗ്രിമെന്റ് പ്രകാരമുള്ള വെളിച്ചം ഉറപ്പുവരുത്താത്തതിനാൽ എഗ്രിമെന്റ് ക്യാൻസൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ആവശ്യപ്പെടുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

മാവേലിക്കര മണ്ഡലത്തിലെ പ്രൈമറി ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് നടപടി

6101 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തെക്കേക്കര ഗ്രാമപഞ്ചായത്തിൽ വരേണിക്കൽ പ്രൈമറി ഹെൽത്ത് സെന്റർ കെട്ടിടം ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പ്രൈമറി ഹെൽത്ത് സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ; വ്യക്തമാക്കുമോ ;

(സി) തഴക്കര ഗ്രാമപഞ്ചായത്തിലെ വെട്ടിയാർ പ്രൈമറി ഹെൽത്ത് സെന്ററിന്റെ കെട്ടിടം ശോചനീയാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ;

(ഡി) വെട്ടിയാർ പി.എച്ച്.സി. യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ ;

(ഇ) ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ പഞ്ചായത്തും സാമൂഹ്യക്ഷേമ വകുപ്പും നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കായംകുളം മണ്ഡലത്തിലെ പ്രവൃത്തികൾ</u>

6102 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള റോഡുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) 2011-12, 2012-13, 2013-14 വർഷങ്ങളിൽ കായംകുളം മണ്ഡലത്തിൽ ജില്ലാ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികൾ പഞ്ചായത്ത് തലത്തിൽ തരംതിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അറവുശാലകൾ

6103 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിലാണ് ശാസ്ത്രീയമായ അറവുശാലകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിടുന്നത് ; വിശദാംശം നൽകുമോ ;

(ബി) അറവുശാലകൾ ശാസ്ത്രീയമായി സജ്ജീകരിച്ച് ഉപഭോക്താക്കൾക്ക് ശുദ്ധമായതും ഗുണനിലവാരമുള്ളതുമായ മാംസം ലഭ്യമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനായി എന്തു തുക അനുവദിച്ചിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വിഭജനം</u>

6104 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മറ്റത്തൂർ ഗ്രാമപഞ്ചായത്ത് വിഭജിച്ച് മറ്റത്തൂർ, വെള്ളിക്കുളങ്ങര എന്നീ പഞ്ചായത്തുകളാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>പാലക്കാട് ജില്ലയിലെ പഞ്ചായത്തുകളുടെ പദ്ധതിവിഹിതം</u>

6105 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ പഞ്ചായത്തുകൾക്കായി 2013-14 വർഷത്തിൽ പദ്ധതിവിഹിതമായി എത്ര തുകയാണ് വകയിരുത്തിയിരുന്നത്;

(ബി) അനുവദിച്ച പദ്ധതിവിഹിതം പൂർണ്ണമായും വിനിയോഗിക്കാത്ത പഞ്ചായത്തുകൾ പാലക്കാട് ജില്ലയിൽ ഉണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഏതെല്ലാം പഞ്ചായത്തുകളാണ് എന്നു വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>അങ്കമാലി മണ്ഡലത്തിലെ പഞ്ചായത്തുകൾക്ക് കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി അനുവദിച്ച തുകയും അവയുടെ വിനിയോഗവും</u>

6106 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിലെ ഓരോ പഞ്ചായത്തുകളിലും 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിനായി അനുവദിച്ചിരുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര ശതമാനം തുകയാണ് വിവിധ പദ്ധതിപ്രകാരം ഓരോ പഞ്ചായത്തുകളിലും വിനിയോഗിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കിലയുടെ റീജിയണൽ സെന്റർ</u>

6107 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ കിലയുടെ റീജിയണൽ സെന്റർ തുടങ്ങുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കിലയുടെ റീജിയണൽ സെന്റർ തുടങ്ങുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(സി) റീജിയണൽ സെന്ററിലൂടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് കില നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ;

(ഡി) കിലയുടെ റീജിയണൽ സെന്റർ തുടങ്ങുന്നതിലേയ്ക്കായി എത്ര രൂപ നീക്കിവച്ചിരിക്കുന്നു എന്ന് വ്യക്തമാക്കാമോ; ഇതിന് കെട്ടിട നിർമ്മാണത്തിന്റെ ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ സംബന്ധിച്ച വിവരങ്ങൾ</u>

6108 ശ്രീ. കെ. ശിവദാസൻ നായർ
,, എ.റ്റി. ജോർജ്
,, ഷാഫി പറമ്പിൽ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ സർവ്വേ നടത്താൻ സാമൂഹ്യസുരക്ഷാ മിഷൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇവരുടെ എന്തെല്ലാം വിവരങ്ങളാണ് സർവ്വേ മുഖേന ശേഖരിക്കാനുദ്ദേശിക്കുന്നന്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികളാണ് ഭരണതലത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>വിദ്യാലയങ്ങളിലെ സൈക്കോ-സോഷ്യൽ കൗൺസലിംഗ്</u>

6109 ശ്രീ. റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്
ശ്രീ. പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലേക്കും സൈക്കോ-സോഷ്യൽ കൗൺസിലേഴ്സിന്റെ സേവനം വ്യാപിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ;

(ബി) നിലവിൽ സൈക്കോ-സോഷ്യൽ കൗൺസിലേഴ്സിന്റെ സേവനം വിദ്യാലയങ്ങളിൽ ലഭിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) വിദ്യാലയങ്ങളിലേക്ക് സൈക്കോ-സോഷ്യൽ കൗൺസിലർമാരുടെ നിയമനം നടത്തുന്നതിന് തസ്തിക സൃഷ്ടിക്കുമോ;

(ഡി) നിലവിൽ കൗൺസിലർമാരായി സേവനത്തിലുള്ളവരെ സ്ഥിരപ്പെടുത്തുന്നതിന് ഉദ്ദേശ്യമുണ്ടോ; വ്യക്തമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ</u>

6110 ശ്രീ. എം. എ. വാഹിദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം സാമൂഹ്യനീതി വകുപ്പിന് കേന്ദ്ര സർക്കാരിൽനിന്നും വിവിധ പദ്ധതികൾക്കായി എത്ര രൂപ ലഭിച്ചുവെന്നും അവ ഏതെല്ലാം തരത്തിൽ വിനിയോഗിച്ചുവെന്നും വിശദമാക്കുമോ;

(ഡി) സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ എല്ലാ വർഷവും ഓഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

വൃദ്ധ സദനങ്ങൾ

6111 ശ്രീമതി കെ.എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വൃദ്ധസദനങ്ങൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ; ഇതിൽ സർക്കാർ അംഗീകാരമുള്ളവ എത്രയാണ്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഇത്തരം വൃദ്ധസദനങ്ങൾക്ക് സർക്കാർ പ്രഖ്യാപിത ആനുകൂല്യങ്ങൾ എന്തെല്ലാമാണ് നൽകുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(സി) വൃദ്ധസദനങ്ങളിൽ നിലവിൽ എത്ര വൃദ്ധജനങ്ങൾ പാർക്കുന്നു; ഇതിൽ സർക്കാർ/സർക്കാർ ഇതര വൃദ്ധ സദനങ്ങളിൽ എത്രവീതമെന്ന് വ്യക്തമാക്കുമോ;

(ഡി) ചില കുടുംബങ്ങളിലെ മക്കൾ മാതാപിതാക്കളെ തെരുവിൽകൊണ്ട് വിടുന്നതും, ആശുപത്രികളിലോ തീർത്ഥാടക കേന്ദ്രങ്ങളിലോ എത്തിച്ചശേഷം ഉപേക്ഷിക്കുന്നതും ശ്രദ്ധയിൽപ്പെട്ടുവോ;

(ഇ) എങ്കിൽ ഈ സർക്കാർ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര വൃദ്ധജനങ്ങളെ വൃദ്ധസദനങ്ങളിൽ എത്തിച്ചു; വ്യക്തമാക്കുമോ ;

(എഫ്) വൃദ്ധരെ തെരുവിൽ ഉപേക്ഷിക്കുന്നവർക്കെതിരെ സർക്കാർ എന്തെല്ലാം നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ജി) നിലവിലുള്ള നിയമ വകുപ്പുകൾക്ക് പുറമെ കർശനമായതും ജാമ്യം കിട്ടാത്തതുമായ മറ്റു വകുപ്പുകളും കൂടി ചേർത്ത് ഈ പ്രവണത അവസാനിപ്പിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>വൃദ്ധസദനങ്ങൾ</u>

6112 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ-സ്വകാര്യ മേഖലകളിലായി എത്ര വൃദ്ധസദനങ്ങളുണ്ടെന്ന് വിശദമാക്കുമോ;

(ബി) ഈ വൃദ്ധസദനങ്ങളിൽ എത്ര പേർ താമസിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(സി) വൃദ്ധസദനങ്ങളുടെ പേരും, അന്തേവാസികളുടെ എണ്ണവും ജില്ല തിരിച്ച് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>വയോജന രക്ഷാപദ്ധതികളും വൃദ്ധസദനങ്ങളിൽ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും</u>

6113 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വയോജന സുരക്ഷാ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) സാമൂഹ്യനീതി വകുപ്പ് നേരിട്ട് വയോജന സുരക്ഷാ കേന്ദ്രങ്ങൾ (വൃദ്ധസദനങ്ങൾ) നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ അവ ഏതെല്ലാം സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കുമോ;

(സി) തൃശ്ശൂർ ജില്ലയിൽ വൃദ്ധസദനങ്ങൾ നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമാണെന്നറിയിക്കുമോ;

(ഡി) ഇത്തരം വൃദ്ധസദനങ്ങളിൽ പ്രവേശനത്തിനുള്ള മാനദണ്ഡങ്ങളും ചട്ടങ്ങളുമുണ്ടെങ്കിൽ വിശദമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>വൃദ്ധമാതാപിതാക്കളെ സംരക്ഷിക്കുന്നതിനുള്ള ബോധവത്കരണം</u>

6114 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുള്ള നിയമപരവും ധാർമികവും ആയ ഉത്തരവാദിത്വം മക്കൾക്കുണ്ടെന്ന് അവരെ ബോദ്ധ്യപ്പെടുത്തുന്നതിന് യുവതി-യുവാക്കൾക്കിടയിൽ, വിദഗ്ധരെ ഉൾപ്പെടുത്തി വ്യാപകമായ ബോധവൽക്കരണം നടത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

വയോജനങ്ങൾക്കുള്ള പദ്ധതികളെ സംബന്ധിച്ച ബോധവത്കരണം

6115 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര - സംസ്ഥാന സർക്കാറുകളുടെ ധനസഹായത്തോടെയുള്ള വയോജനങ്ങൾക്കായുള്ള പദ്ധതികൾ സംബന്ധിച്ച് ബോധവൽക്കരണം നടത്തുന്നതിനും, പ്രസ്തുത പദ്ധതികൾ വയോജനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ബി) വയോജനങ്ങൾക്കായുള്ള ആനുകൂല്യങ്ങളും, അവകാശങ്ങളും എന്തൊക്കെയാണെന്നും, അവർ അതിന് എന്തൊക്കെയാണ് ചെയ്യേണ്ടതെന്നും വ്യക്തമാക്കുന്ന ബോർഡുകൾ എല്ലാ പഞ്ചായത്ത് ഓഫീസുകളിലും പ്രദർശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ മുൻസിപ്പാലിറ്റി/കോർപ്പറേഷനുകളിൽ നടപ്പിലാക്കുന്ന വയോമിത്രം പദ്ധതി പഞ്ചായത്തുകളിലും നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) വൃദ്ധസദനങ്ങളിൽ സൈക്യാട്രിസ്റ്റ് അടക്കമുള്ള ആരോഗ്യ പ്രവർത്തകരുടെ സാന്നിദ്ധ്യം ഉറപ്പ് വരുത്തുന്നതിനും, മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

അനാഥാലയങ്ങളുടെ പ്രവർത്തനം

6116 ശ്രീമതി ഇ.എസ്. ബിജിമോൾ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്തിന് പുറത്തുനിന്ന് കുട്ടികളെ അനാഥാലയങ്ങളിൽ പ്രവേശിപ്പിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ദത്തെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ</u>

6117 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അനാഥരായ കുട്ടികളെ ദത്തെടുക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങൾ വളരെ പ്രയാസകരമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ദത്തെടുക്കുന്നവർ നേരിടുന്ന സാങ്കേതിക ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ ബുദ്ധിമുട്ടുകൾ ലഘൂകരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെക്കുറിച്ച് പഠനം</u>

6118 ശ്രീ. സി. മമ്മൂട്ടി
,, സി. മോയിൻകുട്ടി
,, എൻ.എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്ത്രീകൾക്കും, കുട്ടികൾക്കും നേരെ നടക്കുന്ന അതിക്രമങ്ങളിൽ മദ്യത്തിനുള്ള പങ്കിനെക്കുറിച്ച് സാമൂഹ്യനീതി വകുപ്പ് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പഠനത്തിലെ കണ്ടെത്തലുകളുടെ വിശദവിവരം വെളിപ്പെടുത്തുമോ;

(ബി) ഇല്ലെങ്കിൽ ഇതുസംബന്ധിച്ച് പഠനം നടത്താൻ തയ്യാറാവുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>വിധവകളുടെ പുനരധിവാസം</u>

6119 ശ്രീമതി കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിധവകളുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നിലവിൽ എത്ര വിധവകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ എത്ര വിധവകൾക്കാണ് സഹായങ്ങൾ നൽകിവരുന്നതെന്നും എപ്രകാരമുള്ള സഹായങ്ങളാണെന്നും വ്യക്തമാക്കുമോ;

(ഡി) 60 വയസ്സിൽ താഴെയുള്ള കുടുംബനാഥൻ മരണമടഞ്ഞാൽ കേന്ദ്രസർക്കാരിന്റെ സാമൂഹ്യ സുരക്ഷാ പദ്ധതിയിലൂടെ നൽകുന്ന 20,000 രൂപ ഒരു ലക്ഷമാക്കി വർദ്ധിപ്പിക്കാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ;

(ഇ) നിലവിൽ വിധവകൾക്ക് നൽകുന്ന തുച്ഛമായ വിധവ പെൻഷൻ കാലോചിതമായി വർദ്ധിപ്പിക്കാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(എഫ്) ബി. പി. എൽ. കുടുംബങ്ങൾക്ക് നൽകുന്ന ഒരു രൂപ വിലയുള്ള അരി അർഹതയുള്ള വിധവകളുടെ കുടുംബങ്ങൾക്കുകൂടി നൽകാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ജി) തൊഴിലവസരങ്ങളിൽ വിധവകൾക്ക് സംവരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(എച്ച്) കഷ്ടത അനുഭവിക്കുന്ന വിധവകളെ പൊതുധാരയിൽ കൊണ്ടുവരാനും മാനസികവും ശാരീരികവുമായി ആരോഗ്യവതികളാക്കി മാറ്റുന്നതിനും എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>അവിവാഹിതരായ അമ്മമാരുടെ പുനരധിവാസം</u>

6120 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അവിവാഹിതകളായ അമ്മമാരുടെ എണ്ണം സംബന്ധിച്ചുള്ള കണക്ക് എടുത്തിട്ടുണ്ടോ ; എങ്കിൽ അത് എത്രയാണെന്ന് അറിയിക്കുമോ ;

(ബി) ഏതെങ്കിലും പ്രത്യേക വിഭാഗങ്ങളിൽപ്പെടുന്ന അവിവാഹിതകളായ അമ്മമാരുടെ എണ്ണം വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) അവിവാഹിതകളായ അമ്മമാരുടെ പുനരധിവാസത്തിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

**ക്ഷേമ പെന്‍ഷനുകള്‍ക്കായി കേന്ദ്രത്തില്‍ നിന്നും ലഭ്യമായ തുക**

6121 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളം സമ്പൂര്‍ണ്ണ പെന്‍ഷന്‍ സംസ്ഥാനമായി പ്രഖ്യാപിച്ചത് എന്നാണ്; വിശദാംശം ലഭ്യമാക്കാമോ;

(ബി) വിവിധ സാമൂഹ്യ ക്ഷേമപെന്‍ഷനുകള്‍ നല്‍കുന്നതിനായി കേന്ദ്രത്തില്‍ നിന്നും എത്ര തുക ധനസഹായമായി ലഭ്യമായിട്ടുണ്ട്; 01.04.2012 മുതല്‍ 31.03.2014 വരെയുള്ള വിവരങ്ങള്‍ വാര്‍ഷികാടിസ്ഥാനത്തില്‍ ലഭ്യമാക്കാമോ; വിശദാംശങ്ങള്‍ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>ക്ഷേമ പെൻഷൻ കുടിശ്ശിക</u>

6122 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ക്ഷേമ പെൻഷനുകൾ കുടിശ്ശിക ആയതിന്റെ കാരണം വിശദമാക്കുമോ;

(ബി) ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ള സാമൂഹ്യ ക്ഷേമ പെൻഷനുകൾ, മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ എന്നിവ വർദ്ധിപ്പിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; അതിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഹീമോഫീലിയ ബാധിച്ചവര്‍ക്ക് പെന്‍ഷന്‍</u>

6123 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഹീമോഫീലിയ അസുഖം ബാധിച്ച രോഗികള്‍ക്ക് പെന്‍ഷന്‍ നല്‍കണമെന്ന് ആവശ്യപ്പെട്ട് പുതുക്കാട് മണ്ഡലത്തില്‍ നിന്നും എത്ര അപേക്ഷകള്‍ ലഭ്യമായിട്ടുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത അപേക്ഷകളിന്മേല്‍ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ;

(സി) പെന്‍ഷന്‍ അടിയന്തരമായി നല്‍കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>കരൾ മാറ്റിവച്ചവർക്ക് പെൻഷൻ നൽകുന്ന പദ്ധതി</u>

6124 ശ്രീ. കെ.എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് സാമൂഹ്യനീതി വകുപ്പ് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ;

(ബി) സംസ്ഥാനത്ത് കരൾ മാറ്റിവച്ചവർക്ക് പെൻഷൻ നൽകുന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(സി) ഇപ്രകാരം പദ്ധതി രൂപീകരിച്ചിട്ടുണ്ടെങ്കിൽ കരൾ മാറ്റിവയ്ക്കപ്പെട്ട എല്ലാവരെയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തുമോ;

(ഡി) ഇപ്രകാരം പദ്ധതി രൂപീകരിച്ചിട്ടുള്ള പക്ഷം അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിന് ഒരു പൊതുനയം എന്ന രീതിയിൽ എല്ലാ തരത്തിലുള്ള അവയവദാനങ്ങളെയും പദ്ധതിയിൽ ഉൾപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് നൽകുന്ന പെൻഷൻ സ്കീം</u>

6125

ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിനു കീഴിൽ, കിടപ്പിലായ രോഗികളെ പരിചരിക്കുന്നവർക്ക് പെൻഷൻ നൽകുന്ന സ്കീം പ്രകാരം ചേർത്തലയിൽ എത്ര പേർക്ക് ആനുകൂല്യം നൽകുന്നുണ്ടെന്നു പറയാമോ; എത്ര അപേക്ഷകൾ ഈ സർക്കാരിന്റെ കാലയളവിൽ പരിഗണിച്ചു എന്നും എത്ര അപേക്ഷകൾ പരിഗണിക്കാനുണ്ടെന്നും പറയാമോ;

(ബി) ഏതെല്ലാം വിഭാഗത്തിൽപ്പെട്ട രോഗങ്ങൾമൂലം കിടപ്പിലായവർക്കും എത്ര പ്രായമുള്ളവർക്കും പരിചരണം നൽകുന്നവർക്കാണ് ഇപ്രകാരം പെൻഷൻ നൽകുന്നതെന്നു പറയാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>മണി ഓർഡർ സംവിധാനം വഴി ക്ഷേമപെൻഷൻ വിതരണം</u>

6126 ഡോ. കെ.ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ക്ഷേമ സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ബാങ്ക് അക്കൗണ്ടും പോസ്റ്റോഫീസ് അക്കൗണ്ടുകളും ഓൺലൈൻ സംവിധാനത്തിലേയ്ക്ക് ആയിട്ടില്ല എന്ന കാരണത്താൽ കഴിഞ്ഞ 10 മാസമായി ഗുണഭോക്താക്കൾക്ക് പെൻഷൻ വിതരണം ചെയ്യാത്ത പഞ്ചായത്തുകൾ ഉണ്ടെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത്തരം പഞ്ചായത്തുകൾക്ക്, മണി ഓർഡർ സംവിധാനം വഴി ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകാൻ, സർക്കാർ നിർദ്ദേശം നൽകുമോ?

## കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പോഷകാഹാര നയം</u>

6127 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) "പോഷകാഹാരനയം" കേരളത്തിൽ ഉത്തരവായതിന്റെ പകർപ്പ് ലഭ്യമാക്കാമോ:

(ബി) പോഷകാഹാര നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ്. സൂപ്പര്‍വൈസര്‍മാരുടെ സ്ഥലംമാറ്റം</u>

6128 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സാമൂഹ്യനീതി വകുപ്പില്‍ ഐ. സി. ഡി. എസ്. സൂപ്പര്‍വൈസര്‍മാരുടെ പൊതുസ്ഥലംമാറ്റത്തിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ജീവനക്കാരുടെ അപേക്ഷ പ്രകാരം പൊതുസ്ഥലംമാറ്റം നടത്തുന്നതിനായി നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>ഐ. സി. ഡി. എസ്. സൂപ്പർവൈസർമാരുടെ പൊതുസ്ഥലംമാറ്റം</u>

6129 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതി വകുപ്പിൽ ജീവനക്കാരുടെ പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചിരുന്നോ; വിശദമാക്കുമോ;

(ബി) 2013-ൽ ഐ. സി. ഡി. എസ് സൂപ്പർവൈസർമാരുടെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ലിസ്റ്റ് സഹിതം വിശദമാക്കാമോ;

(സി) 2013-ൽ അപേക്ഷിച്ച അർഹരായ എത്ര സൂപ്പർവൈസർമാർക്ക് സ്ഥലംമാറ്റം നൽകിയിട്ടുണ്ട്; ഉത്തരവ് ലഭ്യമാക്കാമോ;

(ഡി) അർഹരായ ജീവനക്കാർക്ക് സ്ഥലംമാറ്റം നൽകിയിട്ടില്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ഇ) 2014-ൽ ഐ. സി. ഡി. എസ് സൂപ്പർവൈസർമാരിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് ലിസ്റ്റ് സഹിതം വിശദമാക്കുമോ;

എഫ്) 2014-ലെ അപേക്ഷ പ്രകാരം പൊതുസ്ഥലംമാറ്റ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

ഐ. സി. ഡി. എസ്. ഔട്ട്സോഴ്സ് ചെയ്യാനുള്ള തീരുമാനം

6130 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംയോജിത ശിശുവികസന സേവനങ്ങൾ ഐ. സി. ഡി. എസ്. നടപ്പാക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളെ ഏല്പിക്കാനോ ഔട്ട്സോഴ്സ് ചെയ്യാനോ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഔട്ട്സോഴ്സ് ചെയ്യുന്നതിന് മിഷൻ രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

<u>സി. ഡി. പി. ഒ. മാരുടെ ഒഴിവുകൾ</u>

6131 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യനീതിവകുപ്പിൽ സി. ഡി. പി. ഒ. മാരുടെ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് സ്ഥാപനം അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ നേരിട്ടുള്ള നിയമനം വഴിയും ഉദ്യോഗക്കയറ്റം വഴിയുള്ള നിയമനം വഴിയും എത്ര ഒഴിവുകൾ വീതം ഉണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

ശ്രുതിതരംഗം പദ്ധതി - സർക്കാർ ജീവനക്കാരുടെ കുട്ടികൾക്കുള്ള സഹായം

6132 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേൾവിക്കുറവുള്ള കുഞ്ഞുങ്ങൾക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ നടത്തുന്നതിന് വേണ്ടിയുള്ള ശ്രുതിതരംഗം പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്നു അറിയിക്കുമോ; സർക്കാർ ജീവനക്കാരുടെ കുട്ടികൾക്ക് ഇതിന് അർഹതയുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉത്തരവനുസരിച്ചാണ് സർക്കാർ ജീവനക്കാരുടെ മക്കൾക്ക് കോക്ലിയർ ഇംപ്ലാന്റേഷന് സഹായം ലഭിക്കുന്നത്; പകർപ്പ് ലഭ്യമാക്കുമോ;

(ബി) പലതവണ അപേക്ഷ നൽകുകയും കുട്ടിക്ക് 6 വയസ്സ് തികഞ്ഞതിനാൽ ഓപ്പറേഷൻ വൈകിപ്പിക്കരുതെന്ന വിദഗ്ദ്ധരുടെ നിർദ്ദേശം പരിഗണിച്ച് 1.3.2013 ൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ കടംവാങ്ങിയ പണം കൊണ്ട് നടത്തുകയും സർക്കാരിന്റെ സഹായത്തിന് അപേക്ഷ നൽകി കാത്തിരിക്കുകയും ചെയ്യുന്ന ആലപ്പുഴ ജില്ലയിലെ റവന്യൂ വകുപ്പ് ജീവനക്കാരനായ ഐബുവിന്റെ അപേക്ഷ പരിഗണിക്കാൻ നിലവിലുള്ള തടസ്സം എന്താണെന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പ്രിൻസിപ്പൽ എസ്.ഐ.മാർക്കെതിരെ ലഭിച്ച പരാതികൾ</u>

T6133

ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിലെ പ്രിൻസിപ്പൽ സബ് ഇൻസ്പെക്ടർമാർക്കെതിരെ വനിതാ കമ്മീഷനിൽ ലഭിച്ച പരാതികൾ എത്രയാണെന്നു ജില്ല തിരിച്ച് പ്രിൻസിപ്പൽ എസ്.ഐ.മാരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) ഈ പരാതികളിന്മേൽ വനിതാകമ്മീഷൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച അംഗൻവാടികളെ സംബന്ധിച്ച വിവരം</u>

6134 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 2011-12, 2012 13, 2013-14 വർഷങ്ങളിൽ പ്ലാൻ ഫണ്ട് ഉപയോഗിച്ച് എവിടെയെല്ലാം അംഗൻവാടികൾ നിർമ്മിച്ചിട്ടുണ്ട്; നിയോജക മണ്ഡലം അടിസ്ഥാനത്തിൽ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

ശോചനീയാവസ്ഥയിലുള്ള അംഗൻവാടികൾക്ക് പുതിയ കെട്ടിടം

6135 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എത്ര അംഗൻവാടി കെട്ടിടങ്ങളാണ് ശോചനീയാവസ്ഥ മൂലം പ്രവർത്തിക്കാൻ കഴിയാത്തതായി കണ്ടെത്തിയിട്ടുള്ളത് ;

(ബി) അപകടാവസ്ഥയിലായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പകരം പുതിയവ നിർമ്മിച്ചുനൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 07.07.2014-ലെ മറുപടിക്ക്

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ അംഗൻവാടികൾ

6136 ശ്രീ.എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ അംഗൻവാടി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഓരോ അംഗൻവാടിക്കും അനുവദിക്കപ്പെട്ട ഫണ്ടിന്റെയും, ഏത് സ്കീം പ്രകാരമാണ് ഫണ്ട് അനുവദിച്ചതെന്നും വ്യക്തമാക്കാമോ;

(സി) അംഗൻവാടികളുടെ നവീകരണത്തിനായി എന്തെല്ലാം പ്രോജക്ടുകൾ ആണ് നിലവിലുളളത്; വിശദാംശം നൽകുമോ?

**കേരള നിയമസഭ**
**07.07.2014-ലെ മറുപടിക്ക്**

<u>കല്‍പ്പറ്റ മണ്ഡലത്തില്‍ മാതൃകാ അംഗന്‍വാടി</u>

6137 ശ്രീ. എം. വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ മാതൃകാ അംഗന്‍വാടി ആരംഭിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കല്‍പ്പറ്റ നിയോജക മണ്ഡലത്തില്‍ മാതൃകാ അംഗന്‍വാടി ആരംഭിക്കുന്നതിന് ഭരണാനുമതി നല്‍കിയോ; എങ്കില്‍ ആയതിന്റെ പകര്‍പ്പ് ലഭ്യമാക്കുമോ;

(സി) മണ്ഡലത്തില്‍ മാതൃകാ അംഗന്‍വാടിയുടെ നിര്‍മ്മാണം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

കൊണ്ടോട്ടി മണ്ഡലത്തിലെ അംഗൻവാടികൾ

6138 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവുകൾ ഇറങ്ങിയിട്ടുണ്ടോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം അംഗൻവാടികൾക്ക് കെട്ടിടം പണിയുന്നതിന് അനുമതിയായിട്ടുണ്ട്;

(സി) കൊണ്ടോട്ടി മാതൃകാ അംഗൻവാടിക്ക് അനുമതിയായിട്ടുണ്ടോ; എങ്കിൽ കോപ്പി ലഭ്യമാക്കുമോ;

(ഡി) അംഗൻവാടികൾക്കുള്ള കെട്ടിടം നിർമ്മിക്കുന്നതിന്റെ നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ

## 07.07.2014-ലെ മറുപടിക്ക്

<u>കൊടകര, ലാവണ്യ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ നടപടി</u>

6139 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കൊടകര ഗ്രാമപഞ്ചായത്തിലെ ലാവണ്യ അംഗൻവാടിയെ മാതൃകാ അംഗൻവാടി പദ്ധതിയിലുൾപ്പെടുത്തി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്നും, നിർമ്മാണചുമതല ആർക്കാണെന്നും, എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കുവാൻ സാധിക്കുമെന്നും അറിയിക്കാമോ;

(ബി) നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ

## 07.07.2014-ലെ മറുപടിക്ക്

നബാർഡ് സഹായത്തോടെ നവീകരിക്കുന്ന അംഗൻവാടികൾ

6140 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) ഒരു നിയോജക മണ്ഡലത്തിൽ 5 അംഗൻവാടികളെങ്കിലും നവീകരിക്കുന്നതിന് ലക്ഷ്യമിട്ട് നബാർഡ് സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കല്യാശ്ശേരി മണ്ഡലത്തിൽ എതെല്ലാം അംഗൻവാടികളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയത്; ഇവയുടെ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികളുടെ നിർമ്മാണം</u>

6141 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) നബാർഡ് (ആർ.ഐ.ഡി.എഫ്) പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് എത്ര അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നത്;

(ബി) ഓരോ അംഗൻവാടിക്കും എന്തു തുകയാണ് ചെലവഴിക്കുന്നത്; പദ്ധതി പ്രകാരം ഏർപ്പെടുത്തുന്ന സൗകര്യങ്ങൾ എന്തെല്ലാം; വിശദാംശം നൽകുമോ;

(സി) മലപ്പുറം മണ്ഡലത്തിൽ നിന്നും പ്രൊപ്പോസൽ ലഭിച്ച എത്ര അംഗൻവാടികൾ അർ.ഐ.ഡി.എഫ് പദ്ധതിയിൽ നിർമ്മിച്ചു; ഓരോന്നിന്റെയും ഇപ്പോഴത്തെ സാഹചര്യങ്ങൾ വിശദമാക്കാമോ;

(ഡി) ബാക്കിയുള്ള അംഗൻവാടികളുടെ നിർമ്മാണ പുരോഗതികൾ വിശദമാക്കുമോ;

(ഇ) ഇനിയും ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി അംഗൻവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

<u>കുന്നംകുളം മണ്ഡലത്തിലെ അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയാൻ നടപടി</u>

6142 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിലെ വടക്കാഞ്ചേരി ബ്ലോക്ക് ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട്, ചൊവ്വന്നൂർ ബ്ലോക്ക് തല ചൈൽഡ് ഡവലപ്പ്മെന്റ് പ്രോജക്ട്, ചൊവ്വന്നൂർ അഡീഷണൽ ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് എന്നീ ഓഫീസുകളുടെ കീഴിലുള്ള എത്ര അംഗൻവാടികൾക്കാണ് സ്വന്തമായി കെട്ടിടം ഇല്ലാത്തത് എന്തുകൊണ്ട;എന്തോത; ;

(ബി) ഇതിൽ എത്ര അംഗൻവാടികൾക്ക് കെട്ടിടം പണിയാൻ സ്ഥലസൗകര്യമുണ്ട് ;

(സി) സ്വന്തമായി സ്ഥലം ഇല്ലാത്ത അംഗൻവാടികൾക്ക് സ്ഥലം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; ഇതിനായി തുക വകയിരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ

## 07.07.2014-ലെ മറുപടിക്ക്

<u>ബാലഭിക്ഷാടനത്തിനെതിരെ നടപടി</u>

6143 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കാസർകോഡ് ജില്ലയിലെ ചെറുവത്തൂർ, നീലേശ്വരം, കാഞ്ഞങ്ങാട്, പള്ളിക്കര, കാസർകോട് എന്നിവിടങ്ങളിൽ അന്യസംസ്ഥാനക്കാരായവർ കുട്ടികളെ ഉപയോഗിച്ച് ബാലഭിക്ഷാടനം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദ്യാഭ്യാസമോ, ഭക്ഷണമോ നൽകാതെ ചെറിയ കുഞ്ഞുങ്ങളെ പോലും ലഹരി വസ്തുക്കൾ ഉപയോഗിച്ച് മയക്കി ഇത്തരം ബാലഭിക്ഷാടനം നടത്തുന്നതിനെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

# കേരള നിയമസഭ

07.07.2014-ലെ മറുപടിക്ക്

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരമുള്ള
കോഴിക്കോട് ജില്ലയിലെ എൻ.ജി.ഒ. കൾ

6144 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ അംഗീകാരത്തോടെ പ്രവർത്തിക്കുന്ന എൻ.ജി.ഒ കൾ ഏതെല്ലാം;

(ബി) ഇവർക്ക് 2011-12, 2012-13, 2013-14 വർഷങ്ങളിൽ ലഭിച്ചിട്ടുള്ള ഗ്രാന്റുകൾ എത്ര ; വിശദമായി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 07.07.2014-ലെ മറുപടിക്ക്

വി. വിജയകുമാറിന്റെ പരാതി

6145 ശ്രീ. സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷനിൽ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. വി. വിജയകുമാറിന്റെ പരാതി സംബന്ധിച്ച 1808/ഡി2/13 നമ്പർ ഫയലിലെ പരാതിയിലെ ഐറ്റം നമ്പർ (4) ൽ പരാതിക്കാരൻ ഉന്നയിച്ചിരുന്ന ആവശ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതേക്കുറിച്ച് അന്വേഷിക്കാൻ ബഹു. മുഖ്യമന്ത്രി 18.11.2013 ൽ നൽകിയ ഉത്തരവുപ്രകാരമുള്ള അന്വേഷണത്തിന് ചുമതലപ്പെടുത്തിയത് ആരെയാണെന്ന് വെളിപ്പെടുത്തുമോ; അതുപ്രകാരമുള്ള അന്വേഷണം പൂർത്തിയായോ; എങ്കിൽ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 28.

പ്രത്യേക ശ്രദ്ധയ്ക്ക്: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.